JOSE PORUNNEDOM
BISHOP OF MANANTHAVADY

22 ഓഗസ്റ്റ് 2018

പ്രിയപ്പെട്ടവരെ,

ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് ഏകോപിപ്പിച്ച് രൂപതയിലെ ഇടവകകൾ വഴിയായി നടത്തിക്കൊണ്ടിരുന്ന **ഭക്ഷ്യവസ്തുക്കളുടെയും മറ്റ് അവശ്യസാധനങ്ങളുടെയും വിതരണം നാളെ ഓഗസ്റ്റ് 23 വ്യാഴാഴ്ചയോടെ അവസാനിപ്പിക്കുകയാണ്.** അതുകൊണ്ട് ഇപ്പോഴത്തെ അവസ്ഥയിൽ ഞങ്ങളുടെ പ്രിയപ്പെട്ട ഉപകാരികൾ ഇനിയും ഭക്ഷ്യവസ്തുക്കളും മറ്റും തന്ന് ഞങ്ങളെ സഹായിക്കുന്നത് ഏതാനും ആഴ്ചകൾ കഴിഞ്ഞിട്ട് മതിയാകും എന്ന് അറിയിക്കട്ടെ. കാരണം സ്വന്തം വീടുകളിലേക്ക് മടങ്ങുന്നവർക്ക് ഇപ്പോഴുള്ള ഭക്ഷണപദാർത്ഥങ്ങളും മറ്റും തീർന്നു കഴിയുമ്പോൾ പണത്തിന്റെ അഭാവത്തിൽ വീണ്ടും വാങ്ങാൻ പറ്റാത്ത ഒരവസ്ഥ ഉണ്ടാകാനുള്ള സാദ്ധ്യത ഏറെയാണ്. അപ്പോൾ വീണ്ടും നിങ്ങളുടെ സഹായം ഞങ്ങൾ പ്രതീക്ഷിക്കുന്നു. എങ്കിലും ഇതിനകം ഞങ്ങൾക്ക് തരാനായി ആരെങ്കിലും അവശ്യവസ്തുക്കൾ സംഭരിച്ചിട്ടുണ്ടെങ്കിൽ ഞങ്ങളത് സസന്തോഷം സ്വീകരിക്കുന്നതും അർഹിക്കുന്നവർക്ക് താമസിയാതെ സമയബന്ധിതമായി എത്തിച്ച് നൽകുന്നതുമാണ്.

ക്യാമ്പുകളിലും ബന്ധുവീടുകളിലും അഭയം തേടിയിരുന്നവർ സാവധാനം സ്വന്തം ഭവനങ്ങളിലേക്ക് തിരികെയെത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇനി ഓരോ ഇടവകാതിർത്തിക്കുള്ളിലെയും വീടുകൾ കേന്ദ്രീകരിച്ച് ദുരിതാശ്വാസപ്രവർത്തനത്തിന്റെ രണ്ടാം ഘട്ടമായ പുനരധിവാസപ്രവർത്തനങ്ങൾക്കാണ് കൂടുതൽ പ്രസക്തി എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അതുകൊണ്ട് രൂപത ഇനി അക്കാര്യങ്ങളിലായിരിക്കും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഞങ്ങളുടെ ഈ യത്നത്തിൽ സാമ്പത്തികമായി ഞങ്ങളെ സഹായിക്കാൻ താത്പര്യമുള്ള ഏവർക്കും സ്വാഗതം. പണമായി തന്നുകൊണ്ടും

ഏതെങ്കിലും പ്രദേശത്തെ ഭവനനിർമ്മാണം സ്പോൺസർ ചെയ്തുകൊണ്ടും സ്വന്തം നിലയിൽ വീടുകൾ നിർമ്മിച്ചു നൽകിക്കൊണ്ടും നിങ്ങൾക്ക് ഞങ്ങളുടെ ഈ യത്നത്തിൽ ഞങ്ങൾക്ക് കൈത്താങ്ങാകാം. നഷ്ടപ്പെട്ട ജീവനമാർഗ്ഗങ്ങൾക്ക് ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള ശ്രമത്തിലും നിങ്ങൾക്ക് പങ്കുകാരാകാം.

ഇത്തരുണത്തിൽ ഞങ്ങളെ സഹായിക്കാൻ ഓടിയെത്തിയ തൃശൂർ, തലശ്ശേരി, തിരുവനന്തപുരം (ലത്തീൻ) അതിരൂപതകളേയും, ബൽത്തങ്ങടി, ഭദ്രാവതി, മണ്ഡ്യ, ഷംഷാബാദ് എന്നീ രൂപതകളേയും അവയുടെ നേതൃത്വത്തിലുള്ള അഭിവന്ദ്യ പിതാക്കൻമാരെയും വൈദികരും, സമർപ്പിതരും, അൽമായസഹോദരങ്ങളും അടങ്ങിയ ദൈവജനം മുഴുവനേയും ഞങ്ങൾ ഹൃദയത്തിലേറ്റി നന്ദിയോടെ അനുസ്മരിക്കുന്നു. നിങ്ങൾക്ക് ഞങ്ങളുടെ പ്രാർത്ഥനകൾ വാഗ്ദാനം ചെയ്യുകയും ധാരാളം ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു. അതോടൊപ്പം ഞങ്ങളോടൊപ്പം നിന്ന സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും സംവിധാനങ്ങൾക്കും വിവിധ സന്നദ്ധ സംഘടനകൾക്കും ഞങ്ങൾ ആത്മാർത്ഥമായി നന്ദി പറയുന്നു. ദുരിതാശ്വാസപ്രവർത്തങ്ങളിൽ സജിവമായി നേതൃത്വം കൊടുക്കുകയും ആത്മാർത്ഥമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്ത മാനന്തവാടി രൂപതയിലെ എന്റെ എല്ലാ പ്രിയപ്പെട്ടവർക്കും അഭിനന്ദനങ്ങളും ഒരായിരം നന്ദിയും അറിയിക്കട്ടെ. നിങ്ങളിൽ ഞാൻ അഭിമാനം കൊള്ളുന്നു. നമുക്കൊന്നിച്ച് മുന്നേറാം. ഏവരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സവിനയം യേശുവിൽ,



ബിഷപ്പ് ജോസ് പൊരുന്നേടം

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**Bishop's House, Mananthavady 670 645, Kerala, India.**
**For further information Contact: Mobile and Whatsapp: 8075997576. Email: bphmtdy@gmail.com**